

ജാലകം
TECHNICAL HIGH SCHOOL KODUNGALLUR

# ജ്വാലകം

## the way to success

**മാഗസിൻ എഡിറ്റർ**

അൽഫാസ്

**സബ് എഡിറ്റേർസ്**

ആദികൃഷ്ണ, ആകാശ്, ശ്രീഹരി

**മാഗസിൻ കമ്മിറ്റി**

സവിനയ്
ദേവ്നന്ദ്
സിദാ ഫാത്തിമ
അശ്വൽ പ്രിൻസ്
ലക്ഷ്മിപ്രിയ

**കൈറ്റ് മാസ്റ്റർസ്**

മുഹമ്മദ് ഷഫീഖ്. എൻ. എം　　　ബിന്ദു .പി .ഡി

# ആമുഖം


സ്കൂൾ വിദ്യാഭ്യാസം ഹൈടെക്കായി മാറ്റുമ്പോൾ വിവരസാങ്കേതിക വിദ്യയുടെ വിനിമയം ഒഴിവാക്കാനാവില്ല

കുട്ടികളിലെ ഡിജിറ്റലായ എന്തിനേയും, ആരെയും കണ്ടെത്തി അവർക്ക് സാങ്കേതികവിദ്യയുടെ ഉന്നതങ്ങളിലേക്കുള്ള പടവുകൾ ചവിട്ടിക്കയറാനുള്ള വലിയൊരു മാർഗ്ഗമാണ് ഇത്.

ഞങ്ങളുടെ സ്കൂളിലെ 8,9 ക്ലാസ്സുകളിലെ കുട്ടികകളുടെ രചനകകൾ ഓർമ്മകളിൽ നിന്നും മായ്ച്ചു കളയാതെ കാത്തു സൂക്ഷിക്കുന്നത്തിനായി, ഈ ഡിജിറ്റൽ മാഗസിൻ ഞങ്ങൾ സമർപ്പിക്കുന്നു.

THS കൊടുങ്ങല്ലൂർ 2022-25 ലിറ്റിൽ കൈറ്റ്സ് ബാച്ച്.





## ടെക്നിക്കൽ ഹൈസ്കൂൾ (THS) കൊടുങ്ങല്ലൂർ

**മലബാർ തീരത്ത്, സമ്പന്നമായ ചരിത്ര പൈതൃകത്തിനും, ഊർജ്ജസ്വലമായ സാംസ്കാരിക ഉത്സവങ്ങൾക്കും പേരുകേട്ട കൊടുങ്ങല്ലൂർ പട്ടണം , പശ്ചാത്തലമായി നിലകൊള്ളുന്നു. ആദ്യകാലങ്ങളിൽ ജൂനിയർ ടെക്നിക്കൽ സ്കൂൾ(JTS) എന്നറിയപ്പെട്ടിരുന്ന ടെക്നിക്കൽ ഹൈസ്കൂൾ(THS) കൊടുങ്ങല്ലൂർ, ഏറ്റവും പ്രശസ്തമായ ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഒന്നാണ്. കേരള സർക്കാർ 1961ൽ സ്ഥാപിച്ചതാണ് ഈ സ്കൂൾ.**


**കൊടുങ്ങല്ലൂർ നഗരത്തിന്റെ ഹൃദയഭാഗത്തുനിന്ന് ഏകദേശം 2 കിലോമീറ്റർ അകലെ കോതപറമ്പിൽ ആണ് 7 ഏക്കർ പറന്നു കിടക്കുന്ന ഇപ്പോഴത്തെ ക്യാമ്പസ് സ്ഥിതി ചെയ്യുന്നത്. വിദ്യാർത്ഥികളുടെ കായിക വിനോദത്തിനായുള്ള വിശാലമായ ഒരു 200 മീറ്റർ ഗ്രൗണ്ടും, ഏറോബിക് കമ്പോസ്റ്റ് പ്ലാന്റും ഇതിൽ ഉൾപ്പെടുന്നു.**

# സന്ദേശം

2023-24 അദ്ധ്യയന വർഷത്തിലെ കൊടുങ്ങല്ലൂർ ടെക്നിക്കൽ ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ 8,9,10 ക്ലാസ്സുകളിലെ
വിദ്യാർത്ഥികൾക്ക് പാഠ്യേതര പദ്ധതിയോടൊപ്പം ശാസ്ത്രീയപരമായ അറിവും വിജ്ഞാനവും നൽകുന്നു. ലിറ്റിൽ കൈറ്റ്സിന്റെ വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ അഭിനന്ദനീയമാണ് എല്ലാ വിദ്യാർത്ഥികൾക്കും നല്ല നല്ല പ്രൊജക്റ്റുകളും നല്ല പ്രവർത്തനങ്ങളുമായി
മുന്നേറാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു. സൂപ്രണ്ട് എന്ന നിലയിൽ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തങ്ങളിൽ ഞാൻ അഭിമാനംകൊള്ളുന്നു.

-സൂപ്രണ്ട്





# പുരാവസ്തു

ഒരു കാലത്ത് അയാൾ ഏറെ ഇഷ്ടത്തോടെ വാരിപ്പുണർന്ന തന്റെ
കളിപ്പാട്ടങ്ങൾ  ഇന്ന് അയാൾക്ക്  അധികപറ്റായി.... ഒരു മൂലയിൽ
കൂട്ടിയിട്ടിരിക്കുന്നു... അതെല്ലാം പെറുക്കിയെടുത്ത് ആക്രിക്കാരന് ദാനം ചെയ്തു......
പുരാവസ്തുവല്ലേ....

ഒരു കാലത്ത് അയാൾക്ക് കഥയും കവിതയും എഴുതാൻ കൂട്ടിരുന്ന തന്റെ
മേശയും കസേരയും പുസ്തക കെട്ടുകളും ഇന്ന് വീടിന്റെ അലങ്കാരത്തിന്
കോട്ടമായിരിക്കുന്നു........
പുരാവസ്തുവല്ലേ...

ഒരു കാലത്ത് അയാൾക്ക് വെയിലിലും മഴയിലും നനുത്ത മഞ്ഞിലും ചൂട്
പകർന്നിരുന്ന അയാളുടെ മൺകുടിൽ ഇന്നയാൾക്ക് ഭാരമായി..... അത്യാൾ
വിറ്റൊഴിഞ്ഞു........
പുരാവസ്തുവല്ലേ.......

ഒരു കാലത്ത് അയാൾക്ക് കൂടെ കളിക്കാനും കൂട്ട് കൂടാനും സ്നേഹം പങ്കിടാനും
ഉണ്ടായിരുന്ന അയാളുടെ വാലാട്ടിയെ അയാൾ വിട്ടയച്ചു......
പുരാവസ്തുവല്ലേ....

അങ്ങനെ അയാൾ പുതിയ വീട്ടിലേക്ക് കൂടേറാൻ പോകുമ്പോൾ പുരാവസ്തു എല്ലാം
ഒഴിവാക്കാൻ അയാൾ മറന്നില്ല......

ഒരു കാലത്ത് അയാൾക്ക് പാലൂട്ടാനും കഥ പറഞ്ഞുറക്കാനും അസുഖത്തിൽ
കൂട്ടിരിക്കാനും ജീവന്റെ ജീവനായി സ്നേഹിക്കാനും ഉണ്ടായിരുന്ന തന്റെ അമ്മ......
അവരുടെ ആരോഗ്യവും സൗന്ദര്യവും ആയുസ്സും ഈ മകൻക്കായി മാത്രം
മാറ്റിവെച്ചു..... അയാളുടെ അമ്മ...

ഇന്ന് മെലിഞ്ഞുണങ്ങി ജരാനരകൾ ബാധിച്ച് രോഗവസ്ഥയിലായി ഒരു
കോണിലടക്കപ്പെട്ട അവർ അയാളുടെ പുതിയ വീട്ടിലൊരു അധികപറ്റാകും..............
വഴിയിലുപേക്ഷിക്കാൻ അയാൾ മറന്നില്ല.,..........
പുരാവസ്തുവല്ലേ......

-അൽഫാസ് അനീഷ്. എം
9A


# നോവുകാലം

നീറുന്ന പൊള്ളുന്ന നോവുകാലം...
അടർന്നു പോയതെൻ ജീവന്റെ പാതി...
തിരികെ നൽകമോ ആ...
തേന്മൂറും പ്രണയകാലം.
നിന്നോർമ്മകൾ,
കനലായി നെഞ്ചിൽ
നീറുന്നൂ...പൊള്ളുന്നൂ...
ജീവിതപാതയിൽ എന്നെ തനിച്ചാക്കി നീ,
എന്തിന്.... എന്തിന്....
നീ തന്ന മുറിവിനെ മായ്ക്കുവാൻ കാലത്തിനാകുമോ....
കാലത്തിനാകുമോ....

– സിദ ഫാത്തിമ


# പ്രപഞ്ചം


ശീതകാലത്തിന്റെ മാരുതനേൽക്കുമ്പോൾ
ആടിയുലയുന്ന വയലോലകൾ
പച്ചയുടുപ്പിട്ട് പാറിപ്പറക്കുന്ന
വർണ്ണ നിറമുള്ള തത്തമ്മകൾ
ഉച്ചവെയിലേറ്റ് മിന്നിത്തിളങ്ങുന്ന സ്വർണ്ണത്തിൻ നിറമുള്ള
നെൽമണികൾ
അതിമനോഹരമാം സുഗന്ധം പരത്തും
വർണ്ണങ്ങളാലുള്ള പൂങ്കൊടികൾ
കളകളമൊഴുകുന്ന തീർഥ ജലത്തിന്റെ



കുളിർമയേകുന്ന സ്വരങ്ങൾ
പച്ചപുതച്ച് കൺകുളിർമയേകുന്ന
മനോഹരമാം പാടവരമ്പുകൾ
നീലനിറമാൽ പരന്നു കിടക്കുന്ന
വിശാലമാം ആകാശവും
കൊണ്ട് അതിമനോഹരമാ-
ണെൻ പ്രപഞ്ചം....!

– നെഹ്‌ല




**റാസ്ബെറി പൈ ഫൗണ്ടേഷൻ വികസിപ്പിച്ചെടുത്ത ക്രെഡിറ്റ് കാർഡ് വലിപ്പമുള്ള കമ്പ്യൂട്ടറാണ് റാസ്ബെറി പൈ. ഇത് അടിസ്ഥാനപരമായി ഒരു ഡെസ്ക്ടോപ്പ് പിസി നൽകുന്ന എല്ലാ അടിസ്ഥാന പ്രവർത്തനങ്ങളും നൽകുന്ന ഒരു ചെറിയ പിസി ആണ്. ഉദാഹരണത്തിന്, വേഡ് പ്രോസസ്സിംഗ്, ഗെയിമിംഗ്, ഓഡിയോ/വീഡിയോ പ്ലേയിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ ഇത് നൽകുന്നു. സ്കൂളുകളിൽ അടിസ്ഥാന കമ്പ്യൂട്ടർ സയൻസ് പഠിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇത് വികസിപ്പിച്ചെടുത്തത്, കഴിഞ്ഞ ഒരു വർഷം മുതൽ പ്രോഗ്രാമിംഗ് പഠിക്കാൻ ഇത് വ്യാപകമായി ഉപയോഗിക്കുന്ന ഒരു ഉപകരണമായി മാറി. 700 മെഗാഹെർട്സ് സിപിയുവും 250 മെഗാഹെർട്സ് ജിപിയുമുള്ള 3.370 X 2.125 മദർബോർഡാണ് റാസ്ബെറി പൈ, എസ്ഡി കാർഡിൽ നിന്നോ പെൻഡ്രൈവിൽ നിന്നോ ബൂട്ട് ചെയ്യാം. ചിപ്പിലുള്ള സിസ്റ്റം ബ്രോഡ്കോം BCM2835 അടിസ്ഥാനമാക്കിയുള്ളതാണ്. റാസ്ബെറി പൈയിൽ CPU, ROM, EEPROM, RAM എന്നിവയുണ്ട്. റോബോട്ടിക്സിൽ ഏറ്റവും സാധാരണയായി ഉപയോഗിക്കുന്ന ഒന്നാണ് ഇത്.**

**-ആദിൽ 9B**

# ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ സംസ്ഥാന കലോത്സവം 2024

ജനുവരി 4,5,6 തീയതികളിൽ ചിറ്റൂർ ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ പാലക്കാട് വച്ചാണ് കലോത്സവം അരങ്ങേറിയത്..

ജനുവരി മൂന്നിന് ഞങ്ങളുടെ സ്വന്തം സ്കൂളിൽ ഒത്തുചേരുകയും ടീച്ചേഴ്സിൻ്റെ അനുഗ്രഹവും വാങ്ങി, കൂട്ടുകാരോട് യാത്രയും പറഞ്ഞ് ഉച്ചയോടെ ചിറ്റൂരിലേക്ക് യാത്രതിരിച്ചു. യാത്രയിലുടനീളം കഴിഞ്ഞ വർഷം നേടിയ ഓവറോൾ ചാമ്പ്യൻഷിപ്പ് നിലനിർത്തി സ്കൂളിന്റെ അഭിമാനം കാത്ത് സൂക്ഷിക്കണമെന്ന വാശിയും, കഴിഞ്ഞ



വർഷം ഫസ്റ്റ് എ ഗ്രേഡ് നേടിയ സംഘ നൃത്തം ഇത്തവണയും നേടണമെന്ന ആഗ്രഹവും ആയിരുന്നു മനസ്സ് നിറയെ... വൈകിട്ടോടെ ചിറ്റൂരിലെത്തിയ ഞങ്ങൾ റെജിസ്റ്റർ നടപടികൾ പൂർത്തിയാക്കിയ ശേഷം സ്കൂളും പരിസരവും ആസ്വദിച്ചു. അത്താഴത്തിന് ശേഷം താമസ സൗകര്യം ഒരുക്കിയിരുന്ന വിക്ടോറിയ സ്കൂളിലേക്ക് യാത്രയായി..
ഒന്നാം ദിനം രാവിലെ ഞങ്ങളുടെ തിരുവാതിര കളി മൽസരം ഉണ്ടായിരുന്നു. മൽസരത്തിൽ പങ്കെടുക്കാനായി രാവിലെ ആറു മണിയോടെ ചിറ്റൂരിലേക്ക് തിരിച്ചെത്തി മെയ്ക്കപ്പ് ആരംഭിച്ചു. മൽസരം പത്ത് മണിയോടെ ആരഭിച്ചു. എ ഗ്രേഡ് നേടി ഞങ്ങൾ താരമായി.. അന്നേദിവസത്തെ ഞങ്ങളുടെ മൽസരത്തിന് ശേഷം നടന്ന മറ്റ് മൽസരങ്ങളിൽ പങ്കെടുത്ത സ്കൂളിലെ കുട്ടികളെ പ്രോത്സാഹിപ്പിക്കാനും ഇടയിൽ സമയം കണ്ടെത്തി

രണ്ടാം ദിവസം രാവിലെ ഞങ്ങളുടെ പ്രധാന മൽസര ഇനമായ ഗ്രൂപ്പ് ഡാൻസിനായ് രാവിലെയോടെ വിക്ടോറിയ സ്കൂളിൽ നിന്നും ചിറ്റൂരിലെത്തിയ ഞങ്ങൾ ഉച്ചയോടെ മെയ്ക്കപ്പ് ആരംഭിച്ചു. മുൻവർഷങ്ങളെ അപേക്ഷിച്ച് അത്യന്തം വാശിയേറിയ മത്സരത്തിനൊടുവിൽ ഫസ്റ്റ എ ഗ്രേഡ് നേടി കൊണ്ട് ഞങ്ങൾ ഒരിക്കൽ കൂടി സ്കൂളിലെ അഭിമാന താരങ്ങളായ് മാറി. ഈയൊരു മുഹൂർത്തത്തിലേക്ക് ഞങ്ങളെ എത്തിക്കാൻ പ്രയത്നിച്ച പ്രിയപ്പെട്ട ഞങ്ങളുടെ ഡാൻസ് മാസ്റ്റർ, ഞങ്ങളുടെ പ്രിയപ്പെട്ട ടീച്ചേഴ്സ്, പിന്നെ ഞങ്ങൾക്കായി പ്രാർത്ഥിച്ച പ്രിയ കൂട്ടുകാർ, ഞങ്ങൾക്ക് മുഴുവൻ പിന്തുണയും നൽകി മൽസരം നേരിൽ കാണാനും ഞങ്ങളുടെ വിജയത്തിൽ പങ്കാളികളാവാൻ ചിറ്റൂരിലെത്തിയ ഞങ്ങളുടെ പ്രിയ രക്ഷാകർത്താക്കൾ എന്നിവരേയും ഏറെ സ്നേഹത്തോടെ ഓർക്കുന്നു.



മൂന്നാം ദിവസം വൈകീട്ടോടെ ഞങ്ങൾ കാത്തിരിക്കുന്ന ആ ചരിത്ര നിമിഷമെത്തി.. കഴിഞ്ഞ വർഷം നേടിയ ഓവറോൾ ചാമ്പ്യൻഷിപ്പ് നിലനിർത്തി ഞങ്ങൾ സ്കൂളിലെ താരങ്ങളായി ഒരിക്കൽ കൂടി മാറി. തിരികെ സ്കൂളിലേക്കുള്ള യാത്ര ജീവിതത്തിലെ മറക്കാനാകാത്ത മറ്റൊരു അനുഭവം ആയിമാറി.

ശ്രിവ കെ ആർ
9A

# ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്

പതിനെട്ടാം നൂറ്റാണ്ടിൽ ഒരു ഫ്രഞ്ചുകാരൻ്റെ കാലത്താണ് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൻ്റെ ചരിത്രം ആരംഭിച്ചത്

ഇൻസ്ട്രുമെൻ്റ് ടെക്നീഷ്യൻ ഹിപ്പോലൈറ്റ് പിക്സി മൈക്കൽ ഫാരഡെയുടെ തത്വത്തെ അടിസ്ഥാനമാക്കി ഒരു എസി ജനറേറ്റർ (ആൾട്ടർനേറ്റർ) നിർമ്മിച്ചു. മൈക്കൽ ഫാരഡെയെപ്പോലുള്ള എല്ലാ മികച്ച ശാസ്ത്രജ്ഞർക്കും എഞ്ചിനീയർമാർക്കും നമുക്ക് നന്ദി പറയാം. നിക്കോള ടെസ്‌ല, കാൾ വിൽഹെം സീമെൻസ്, തോമസ് ആൽവ എഡിസൺ എന്നിവർ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൻ്റെയും സാങ്കേതികവിദ്യയുടെയും ഗവേഷണത്തിനും വികസനത്തിനും വേണ്ടി തങ്ങളുടെ ജീവിതം ....

# പൊഴിയുന്ന ഇലകൾ

മഞ്ഞിൽ കുളിർക്കാറ്റിന്റെ ഗന്ധം എന്റെ തലമുടിക്കുള്ളിൽ പാലായനം ചെയ്യുന്നതിന്റെ
ആവേശം. ആ കാറ്റെന്നെ ജനലിന്റെ അരുകിലേക്ക് കൈ പിടിച്ചെത്തിച്ചു.
ആ വിളിയിൽ ഞാനെന്റെ ചുറ്റുപാടുകളിൽ നിന്ന് വേറിട്ട
എന്തിനോവേണ്ടിയെന്നപോലെ കാറ്റിനോട് സംസാരിച്ചു.

ജനൽ ഞാൻ എന്തോ അറിയാതെന്നപോലെ തള്ളിതുറന്നു....
കാറ്റ് എന്റെ ചുറ്റുപാടിനെ പറഞ്ഞു പഠിപ്പിക്കുന്നു എന്നെ അറിയിക്കാതെ,,,
എന്തോ ആ കാര്യത്തെ അറിയിക്കുന്നതിനേക്കാൾ ഞാൻ സ്വാർത്ഥയായി

ആ ചിത്രം എന്റെ ഹൃദയത്തെ പിടക്കുന്ന കാഴ്ചയായിരുന്നില്ല.. എന്നിട്ടും എന്റെ
ഹൃദയത്തെ...
എന്നിട്ടും എന്റെ മനസ്സിൽ കൊളുത്തി വലിക്കുന്നു
എന്തോ ഒന്ന് എന്റെ കൺപീലികൾ മഞ്ഞുതുള്ളികളെ താങ്ങി എന്റെ ശ്വാസം
മഞ്ഞിൽ കുതിർത്തു..............

ഇരുളിൽ ചെന്നായ്ക്കൾ ഓരിയിടുന്ന കുന്നിലെ മേപ്പിൾ മരങ്ങളിലെ ഇലകൾ
ഓരോന്നായി നിമിഷങ്ങളിൽ കൊഴിയുന്നു.
മഞ്ഞിന്റെ കഠിന്യത്തിൽ പഴയ കുറെ ഓർമ്മകളുടെ ആ ശാഖയിൽനിന്ന്
ഓരോന്നായ് കൊഴിയുന്നു ആളുകൾ.
എന്റെ തുറന്നിട്ട ജനാലയിൽ നോക്കിയിട്ട് സഹതപിക്കുന്നതുപോലെ ആ കാഴ്ച എന്റെ
ചിന്തകളിൽ നിന്നെന്നെ തനിച്ചാക്കി..........

കുന്നിലെ ഇലകൾ വീണ്ടും കൊഴിഞ്ഞു.
കാലങ്ങൾ വീണ്ടും കടന്നുപോയി
മഞ്ഞു കാലങ്ങൾ, വസന്തവും കടന്നുപോയി..
വീണ്ടും ഇലകൾ പൊഴിഞ്ഞുകൊണ്ടിരുന്നു

-സനുഷ് 9B

# അമ്മ എന്ന വെളിച്ചം

ഞാൻ എന്നെ പരിചയപെടുത്തട്ടെ.... എൻ്റെ പേരാണ് സ്വാതി ...എല്ലാരും സ്നേഹത്തോടെ എന്നെ  എന്ന് വിളിക്കുന്നു. ഒരു സാദാരണ കുടുംബം ആണ് എന്റേത്... ഞാൻ 'അമ്മ ചേച്ചി ചേർന്ന ഒരു ചെറിയ കുടുംബം....എല്ലാരും നല്ലത് പറയണം എന്നെയും ചേച്ചിയെയും കുറിച്ച്, ഇതാണ് എന്റെ്റെ അമ്മേടെ ഏറ്റവും വലിയ ആഗ്രഹം പക്ഷെ, എന്ത് ചെയ്യാൻ... ഞാനും അവളും നിന്നാൽ ..... നടക്കും....അതാണ് അവസ്ഥാ സ്ഫോടനം

എനിക്ക് രണ്ട് വയസുള്ളപ്പോൾ അച്ഛൻ  മരിച്ചു......എനിക്ക് ഇപ്പോഴും അച്ഛനോട് എന്തെങ്കിലും സംസാരിക്കാൻ ഉണ്ടെങ്കിൽ  മാത്രന്തിനാ അച്ഛാ ജീവിക്കാൻ ധൈര്യം ഇല്ലെങ്കിൽ എന്റെ്റെ അമ്മയെ കല്യാണം കഴിച്ചേ..........ആ പാവത്തെ ജനിച്ചപ്പോ മുതലേ പഠിക്കാനും വിടാതെ .....കൊച്ചിലെ ജോലിക് വിട്ടു എന്റെ അപ്പൂപ്പൻ എന്നിട് പതിനെട്ടു ആയപ്പോ ഒരു ജോലിയും കൂലിയും ധൈര്യവും ഇല്...

വിദുൽ 9A

# സൂര്യൻ

സൂര്യനെ കാണുവാൻ എന്തൊരു ഭംഗി
സൂര്യൻ കിഴക്കുഭാഗത്ത് ഉദിക്കുന്നതും പടിഞ്ഞാറേ ഭാഗത്ത് അസ്തമയവും
കാണുവാനും ആ സൂര്യപ്രകാശത്തിന് എന്തൊരു ഭംഗി ചൂടും വെളിച്ചവും
നമുക്ക് നൽകുന്ന സൂര്യനോളം വേറെ ഒരു നക്ഷത്രം ഇല്ല സൂര്യോദത്തിൽ
സൂര്യനോളം വലുപ്പമുള്ള  നക്ഷത്രം ഇല്ല ഭൂമിക്ക് ചൂടും വിളിച്ചവും നൽകും
സൂര്യൻ ഭൂമിയിൽ സൂര്യനാണ്  നിലനിൽപ്പിനാധാരം കൃഷിയിലും ഭക്ഷണം
നിർമ്മിക്കാനും എന്നും സൂര്യൻ . ചെടികൾ വളരുവാനും സൂര്യനെ
വേണമത്രേ രാത്രിയും പകലുമായി മാറ്റാനും സൂര്യൻ .സൂര്യനെയാണ് ഏറെ
ശാസ്ത്രലോകം പഠിക്കുന്നത് മഞ്ഞനിറത്തിൽ കാണുന്ന സൂര്യൻ എന്നിൽ
എന്നും ഊർജ്ജം നിറച്ചീടും

ആദ്യശ്രീ 9A

# ഗവർമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ സംസ്ഥാന കായികമേള 2024

ജനുവരി 12,13,14 തീയതികളിൽ തിരുവനന്തപുരം നെടുമങ്ങാട് ടെക്നിക്കൽ ഹൈസ്കൂളാണ് കായികമേള നടത്തിയത്.നടന്നത് തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ ആണ്. തലേദിവസം ജനുവരി 11ന് ടീച്ചർമാരോടും കൂട്ടുകാരോടും യാത്ര പറഞ്ഞിരുന്നു.



ജനുവരി 12ന് രാവിലെ 5:30യോടു കൂടി ഞങ്ങൾ പുറപ്പെട്ടു. വൈകുന്നേരം 4മണിയോടുകൂടി എത്തി. അന്നേ ദിവസം മാർച്ച്പാസ്റ്റ് മാത്രമേ ഉണ്ടായുള്ളൂ. കഴിഞ്ഞ വർഷം കായികമേളയിൽ ലഭിച്ച മൂന്നാം സ്ഥാനം ഇത്തവണ ഒന്നാം സ്ഥാനം ആക്കണം എന്ന ആഗ്രഹം എല്ലാവർക്കും ഉണ്ടായിരുന്നു. എന്നാൽ ഞങ്ങൾക്കു അതിനു സാധിച്ചില്ല. ഞങ്ങൾ അഞ്ചാം സ്ഥാനത്തിലായിരുന്നു.ഞങ്ങളുടെ കൂട്ടത്തിലെ ബാസിൽ വളരെ മികച്ച പ്രകടനം ആണ് കാഴ്ചവച്ചത്.

ഞങ്ങളുടെ മത്സരവിജയത്തിൽ സന്തോഷിച്ച പരിശീലകൻ വേണു സാറിനെ ഈ അവസരത്തിൽ ഓർക്കുന്നു. അതോടൊപ്പം ഞങ്ങളുടെ അധ്യാപകരെയും, രക്ഷിതാക്കളെയും കൂട്ടുകാരെയും ഞങ്ങൾ ഓർക്കുന്നു

അടുത്തവർഷം ഒന്നാം
സ്ഥാനത്ത് ആവണം എന്ന നിശ്ചയത്തോടെ ആണ് ഞങ്ങൾ അവിടെ നിന്നും പോന്നത്.

ലക്ഷമിപ്രിയ 9A

കടലിൽനിന്നും  ഉയരുന്ന നീരാവി  സൂര്യരശ്മിയിൽ മാനത്ത് മഴവില്ലായി മാനം നിറയെ
കാര്മേഘങ്ങൾ തണുത്തകാറ്റിൽമഴയായി മാറി
മണ്ണിൽ മാറിൽ കുളിരുകൾ പെയ്തു പുൽ നാസികൾ കിളിർത്ത് തുടങ്ങി
വയലേലകളിൽ കതിരു വിരിഞ്ഞു കർഷക മനസ്സുകൾ ആനന്ദ നൃത്തമാടി

സവിനയ് 9A

നനഞ്ഞു തീർത്ത മഴയിൽ  ഞാൻ അടയാളപ്പെടുത്തുന്നു....
വീണ്ടും ഒരു മഴ വരും
എന്ന പ്രതീക്ഷയിൽ നേരത്തെ കുളിരായി നീ അവശേഷിക്കുക

മഴ.... ഞാൻ കണ്ട ഏറ്റവും വലിയ പ്രതിഭാസം. പെയ്തിറങ്ങുന്ന ഓരോ മഴത്തുള്ളിയും ഒരു പ്രതീക്ഷയുണ്ട്. താൻ സ്നേഹിക്കുന്ന മണ്ണിനെ കെട്ടിപ്പുണരണം എന്ന്. തന്റെ പ്രണയിനിയെ കാണാൻ താഴ് നിറങ്ങുമ്പോൾ, മരങ്ങളും, പൂക്കളും ഓരോ കഥാപാത്രങ്ങളാവുന്നു.

ആകാശത്തിൽ ഒരു അച്ഛന്റെ വേദനയും....

അദിത് 9B



# ചിറകടികൾ

ആഴത്തിൽ അടച്ചിരുന്ന ചെറുതൂവൽ ചിറകുകൾ തൻ മുഴക്കം
മൂകതയിൽ അലയടിച്ചു ആ തീക്ഷണതയാർന്ന ശബ്ദ നാദം
പക്ഷിയുടെ അത്രമേൽ ആഴത്തിൽ പതിഞ്ഞ അഹങ്കാരമായിരുന്നു.

പക്ഷിതൻ കഴിവാർന്ന ചിറകിൻ  തുടിപ്പുകൾ
എത്രയോ മൂർച്ചിച്ച ആയുദ്ധമാണതിൻ
ഇരു  ചിറകുകൾ തൻ അളവാർന്ന ആകാശം
അതിൻ യാത്രകായ് ഒരുക്കിവച്ചതായിരുന്നു.

ആ ചിറകുകൾക്കായ് എത്രയോ വായുതൻ കണികൾ കാത്തിരുന്നു ..
ആ കാത്തിരിപ്പിൻ്റെ സുഖം ഏറെ ഇഷ്ടപ്പെട്ടിരുന്നു
ജീവി തൻ തൻ അളവേറിയ ആകാശം
ഞാൻ പാറി നടക്കാനാൾ നിർമ്മിച്ചാണെന്ന് മന്ത്രിക്കും...

-സനുഷ്  9B



# പ്രളയം

ഒരു തുള്ളി പലതുള്ളി പെരുമഴക്കായി പാടം നിറയെ
വെള്ളവുമായി ചെറുമീനുകൾ തുള്ളിക്കളിച്ചു താമര മൊട്ടുകൾ
പൊങ്ങി വരുന്നു കാറ്റും കോളും കൂടി വരുന്നു തോടും പുഴയും
ഇഴുകി യോഴുകി പെരുമഴ അങ്ങനെ തുടരുന്നു പെരുവഴിയായി
നാട്ടാരും

ആകാശ് 9A

# യാത്രകളോടുള്ള പ്രണയം

ഒരു നാൾ ഞാൻ എന്റെ കൂട്ടുകാരൊത്ത് യാത്ര പോയി. പുലർവേളയിൽ  തുടങ്ങിയ യാത്ര...അതിമനോ ഹരമായ സ്ഥലം.എല്ലാവരും സന്തോഷത്തോടെ സൊറകൾ പറഞ്ഞു പൊട്ടിച്ചിരിച്ചു, യാത്ര തുടർന്നു.ഇതിനിടയിൽ ഞങ്ങൾ വളരെ പ്രശസ്തമായ ക്ഷേത്രത്തിൽ കയറി.ഭഗവാനോട് നന്നായി പ്രാർത്ഥിച്ചു.ഇടക്ക് പല സ്ഥലങ്ങളിൽ ഇറങ്ങി ഭക്ഷണം കഴിച്ചു.പൂക്കൾ കൊണ്ട് നിറഞ്ഞ ആ സ്ഥലങ്ങളിലെ കാഴ്ചകൾ വളരെ വേറിട്ടതും മനോഹരവും ആയിരുന്നു.സൂര്യൻ പതുകെ താഴ്ന്നു തുടങ്ങി.ഞങ്ങൾ തിരിച്ച് വണ്ടിയിൽ കയറി.....അപ്പോൾ ഒരു നിമിഷം മനസ്സിൽ ഓർത്തു..."ഇനിയും  ഇവിടം വന്ന് കാണാൻ സാധിക്കണേ " എന്ന്. കുറച്ചു ദൂരം പിന്നിട്ടപ്പോൾ ഞങ്ങളെ കുളിർ അണിയിച്ചു കൊണ്ട് ഒരു ചാറ്റൽ മഴ...ആ രാത്രിമഴയിൽ , എന്റെ കൂട്ടരെല്ലാം മയങ്ങി....ഞാൻ പുറത്തോട്ട് നോക്കിയിരുന്നു, മഴ ആസ്വദിച്ചു.മഴയോട് എനിക്ക് പ്രണയമായിരുന്നു,എന്റെ യാത്രകളോടും........

അതുൽ 9B



# പ്രകൃതിയങ്ങനെ ഒരുങ്ങി നിന്നു

പശ്ചിമാംബര ചക്രവാളത്തിൽ സൂര്യൻ അന്തിയുറങ്ങാനെത്തുന്ന നേരം
കാർവർണ്ണ മേഘങ്ങൾ വിരിച്ചു...
വരവേറ്റു കടലവൾ സുന്ദരി...
കടലിന്റെ നെറ്റിയിൽ കുങ്കുമംചാന്തണിഞ്ഞു..
സൂര്യൻ മെല്ലെ ചാഞ്ഞിറങ്ങി
സീമന്തരേഖയിൽ സിന്ദൂരമണിഞ്ഞു,
കടലവൾ സുന്ദരി നാണിച്ചു നിന്നു...
നക്ഷത്രങ്ങൾ കണ്ണുചിമ്മിയപ്പോൾ
പൂർണചന്ദ്രനും മൂകസാക്ഷിയായി....
യാമങ്ങൾ ഓരോന്നായി കൊഴിഞ്ഞീടവേ
പുലർകാല വന്ദനമേകി
പ്രകൃതിയങ്ങനെ ഒരുങ്ങി നിന്നു

-അഭിനവ്കൃഷ്ണ.ട്ടി.ജെ

# പൂക്കാലം

എൻ ജാലകത്തിനപ്പുറം ചുമരിനെ  ആലിംഗനം ചെയ്ത വള്ളിപടർപ്പിലെ പൂക്കൾ
വിടർന്നിരുന്നു ഒരു പ്രതീക്ഷപോലെ
ആ നിമിഷം ആ പൂക്കളെ
ബഹുവർണ്ണമേറും ശലഭങ്ങൾ ആർത്തിരുന്നു അതിൻ മേൽ ചാഞ്ഞുനിന്ന
ഉണങ്ങിയ മര ക്കൊമ്പിൽ  പെരു പക്ഷികൾ തൻ്റെ കുഞ്ഞു ചിറകുകൾ കൊണ്ട്
വായുവിനെ അറുത്തുമാറ്റി
ആ സന്തോഷത്താൽ ദൂരെ കണ്ട താഴ്- -വാരമാകെ വസന്തം പൂക്കൾ
കൊണ്ട ലങ്കരിച്ചിരുന്നു.
ആ ചെറുതാഴ് വാരമാകെ
ഞാൻ  പാറിനടക്കാൻ ഞാൻ ആഗ്രഹിച്ചിട്ടുണ്ട് എൻ്റെ കാഴ്ചപാടിനാൽ
താഴവരവും ആകാരവും പ്രണയസാഫല്യമില്ലത്ര
പ്രണയാത്മാക്കളായിരുന്നു
തൻ്റെ പ്രണയിനി അത്രമേൽ അലങ്കരിച്ച വസന്തത്തോട് ആകാശം അത്രമേൽ
കടപ്പെട്ടിരുന്നു
ആ പുഷ്പങ്ങൾ എൻ്റെ ഹൃദയത്തിൽ സൂക്ഷിച്ചു അടുത്ത പൂക്കാലം വരെ എൻ്റെ
പ്രണയിനിക്ക് സമ്മാനിക്കാനായ് ആകാശത്തേയ്ക്ക് പൂവിൻ ഹൃദയ കവർന്നെടുത്തു
കൊണ്ട് വന്ന  ഇളംങ്കാററ്
ഹൃദയത്തെ മുകിലിനോട്
ചേർത്തുവെച്ചു
ഒരു ചെറു സന്തോഷം തന്നെയാണ് ആ പൂക്കാലം കടന്നുപോയി
പൂക്കാലം കടന്നുപോയി .

-സന്തുഷ്  9B

# ചിത്രരചനകൾ



മഹാദേവ് കെ എസ് 8A



മഹാദേവ് കെ എസ് 8A



ആദ്യശ്രീ 9A



മഹാദേവ് കെ എസ് 8A



ആദ്യശ്രീ 9A



ആദ്യശ്രീ 9A



മഹാദേവ് കെ എസ് 8A

# ആശംസ

മാറുന്ന കാലത്തിനനുസരിച്ച് വിവര സാങ്കേതിക വിദ്യയുടെ പുത്തൻ അറിവുകൾ സ്വായത്തമാക്കി മുന്നേറിക്കൊണ്ടിരിക്കുകയാണ് നമ്മുടെ ലിറ്റിൽ കൈറ്റ്സ് .മലയാളം കമ്പ്യൂട്ടിങ്ങിൻ്റെ ഭാഗമായി ലിബർ ഓഫീസ് റൈറ്ററിൽ ആണ് മുൻ വർഷങ്ങളിൽ ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിക്കൊണ്ടിരുന്നത് .എന്നാൽ സ്ക്രൈബസിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനാണ് ഇത്തവണ എന്നത് ഏറെ ശ്രദ്ധേയമാണ് .വളരെ മികച്ച രീതിയിൽ നമ്മുടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഈ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു. ഈ അനുഭവസമ്പത്ത് ഭാവിയിൽ ഡിജിറ്റൽ മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്താൻ കരുത്തു നൽകട്ടെയെന്ന് ആശംസിക്കുന്നു

കൈറ്റ് മിസ്ട്രസ്

-ബിന്ദു .പി .ഡി



# ആശംസ

വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതയിലേക്കുള്ള ചുവടുവെപ്പാണ് ലിറ്റിൽ കൈറ്റ്സ്. ഇതിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി, മറ്റു മാഗസിനുകളിൽ നിന്നും വ്യത്യസ്തമായി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുകയാണ് നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ. ഈ പ്രയത്നത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും ആശംസകൾ നേരുന്നു.

കൈറ്റ് മാസ്റ്റർ

-മുഹമ്മദ് ഷഫീഖ്. എൻ. എം



# "നന്ദി"

**ലിറ്റിൽ കൈറ്റ്സിന്റെ 2022-25
ബാച്ച് ലെ വിദ്യാർത്ഥികളുടെ
വിവരവിനിമയ സാങ്കേതിക വിദ്യയിലെ പഠന നേട്ടങ്ങളുടെ ഒരു
പൊൻ തുവലാവാൻ വെമ്പുന്ന നമ്മുടെ മാഗസിൻ "ജാലകം"..........
ഇതൊരു വിലയേറിയ സൃഷ്ടിയാവാൻ വേണ്ടി പ്രയത്നിച്ച
അധ്യാപകർക്കും, ലിറ്റിൽ കൈറ്റ്സ് മെമ്പേഴ്സ്നും,
വിദ്യാർത്ഥികൾക്കും എന്റെ ഹൃദയം നിറഞ്ഞ "നന്ദി"
രേഖപ്പെടുത്തുന്നു**

**-അൽഫാസ് അനീഷ്. എം** 9A